# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 67      09/06/2014ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ. സി.കെ.നാണു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ അടിസ്ഥാന നിയമന കാലാവധി എത്ര വർഷം വരെ നീട്ടുവാൻ ഈ സർക്കാർ തീരുമാനിച്ചു വെന്ന് വ്യക്തമാക്കുമോ; | (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ ഏറ്റവും കുറഞ്ഞ കാലാവധി ഒരു വർഷവും അതിനിടയിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ലെങ്കിൽ 3 വർഷവും ചില പ്രത്യേക സാഹചര്യങ്ങളിൽ പരമാവധി കാലാവധി 4 1/2 വർഷവുമാണ്. പ്രസ്തുത നിർദ്ദേശം കൈക്കൊള്ളുന്നത് പി.എസ്.സി.യാണ്. |
| (ബി) നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്ന് പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അതിൽപ്പറയുന്ന മുഴുവൻ ഒഴിവുകളിലേക്കും ലിസ്റ്റ് പ്രസിദ്ധീകരിച്ചതി നുശേഷം നിയമനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) കോടതി വിധി തുടങ്ങിയ മറ്റു തടസ്സങ്ങൾ ഇല്ലെങ്കിൽ വിജ്ഞാപനത്തിൽ സൂചിപ്പിച്ച എല്ലാ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നു തന്നെ പി.എസ്.സി. നിയമനം നടത്താ-റുണ്ട്. |
| (സി) റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതിനു ശേഷം അതത് വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്യുന്നു ണ്ടോയെന്ന് പരിശോധിക്കുമോ ? | (സി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും, അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ